ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ വളപട്ടണത്തുള്ള (അഴീക്കൽ) സർക്കാർ ഐസ് പ്ലാന്റ്, മത്സ്യഫെഡിന്റെ കൊച്ചിയിലുള്ള ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റിന്റെ ലിങ്ക് പ്ലാന്റായും, ഒരു മത്സ്യ സംസ്കരണ യൂണിറ്റായും ഉപയോഗിക്കുന്നതിന് മത്സ്യഫെഡിന് അനുമതി നൽകികഴിഞ്ഞിട്ടുണ്ട്.

അഡാക് പദ്ധതി

88 (916) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽപ്പെട്ട ഏതൊക്കെ പഞ്ചായത്തുകളെ 'അഡാക്ക്' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പുതുതായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകൾ കൂടി ഉൾപ്പെടുന്നത് സംബന്ധിച്ച് നിവേദനം കിട്ടിയിട്ടുണ്ടോ ;

(സി) എങ്കിൽ ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുറിച്ചി, വാഴപ്പള്ളി.

(ബി) പായിപ്പാട്, കുറിച്ചി എന്നീ പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം കിട്ടിയിട്ടുണ്ട്.

(സി) നിവേദനം ലഭിക്കുന്നതിനു മുമ്പ് തന്നെ കുറിച്ചി പഞ്ചായത്തിനെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പായിപ്പാട് പഞ്ചായത്തിലെ 1, 2, 3, 4 എന്നീ വാർഡുകൾ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള അംഗീകാരത്തിനായി 'അഡാക്കി'ന്റെ ഗവേണിംഗ് ബോഡിയിലേക്ക് ശുപാർശ ചെയ്യാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

മാനവീയം കൊണ്ടുണ്ടായ നേട്ടങ്ങൾ

89 (920) ശ്രീ. ചെർക്കളം അബ്ദുള്ള
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയത്തിന് ഇതുവരെ എത്രകോടി രൂപ ചെലവഴിച്ചു ;

(ബി) മാനവീയം കൊണ്ടുണ്ടായ നേട്ടങ്ങൾ വിശദീകരിക്കുമോ ;

(സി) ചെലവിട്ട തുകയ്ക്ക് ആനുപാതികമായി നേട്ടമുണ്ടായിട്ടുണ്ടോ എന്ന് കണക്കാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1.40 കോടി രൂപ ചെലവഴിച്ചു.

(ബി) സംഗീതം, നൃത്തം, ചിത്രകല, പരിസരശുചീകരണം തുടങ്ങിയ വിവിധ വിഷയങ്ങളിൽ ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കാൻ കഴിഞ്ഞു. കേരളത്തിലെ 400-ഓളം സംഗീത കലാകാരന്മാരെ പങ്കെടുപ്പിച്ച് പരിപാടി അവതരിപ്പിച്ചുതുടങ്ങി. ലോകപ്രശസ്തരായ പല കലാകാരന്മാരുടെയും കലാവിരുത് ആസ്വദിക്കാൻ കേരള ജനങ്ങൾക്ക് അവസരമുണ്ടായി. കുടിവെള്ള പദ്ധതികൾ, വഴിയോര വെയിറ്റിംഗ് ഷെഡുകൾ എന്നിവ നടപ്പായി. ഒറീസയിലെ ജനങ്ങൾക്കായി സമാഹരിച്ച മരുന്നും വസ്ത്രങ്ങളും 77 ലക്ഷം രൂപയിൽ 5 ലക്ഷം രൂപയും നൽകി. ബാക്കിയുള്ള 72 ലക്ഷം രൂപയ്ക്ക് ഒറീസയിലെ പുരി ജില്ലയിൽ മാനവീയം ഗ്രാമം പണിയുന്നതിനുള്ള ഏർപ്പാടുകൾ തുടങ്ങിക്കഴിഞ്ഞു. വായനാശീലം വളർത്തുന്നതിനായി തിരുവനന്തപുരത്ത് പുസ്തകോൽസവം നടത്തി.

(സി) കലാരംഗത്ത് നടത്തിയ പ്രവർത്തനങ്ങൾക്ക് ചെലവായ തുകയുടെ അനുപാതത്തിൽ ഉണ്ടായ നേട്ടം കണക്കാക്കുന്നത് പ്രായോഗികമല്ല. വിദേശങ്ങളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും കലാസംഘങ്ങളും ലോക പ്രശസ്തരായ സംഗീതജ്ഞരും ചിത്രകാരന്മാരും നടത്തിയ കലാപരിപാടികൾക്ക് ചെലവഴിച്ച തുകയുടെ അനുപാതത്തിൽ നേട്ടം കണക്കാക്കുക എന്നതും പ്രായോഗികമല്ല.

മാനവീയം സാംസ്ക്കാരിക മിഷന്റെ നടത്തിപ്പ് സംബന്ധിച്ച കേസ്

90 (921) ശ്രീ. ബി. വിജയകുമാർ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയം സാംസ്കാരിക മിഷന്റെ നടത്തിപ്പു സംബന്ധിച്ച് ലോകായുക്ത മുമ്പാകെ എന്തെങ്കിലും കേസ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആർക്കെല്ലാമെതിരെയാണ് ഈ കേസ് വന്നിട്ടുള്ളത് എന്ന് പറയുമോ ;

(സി) ആരാണ് ഈ കേസ് കൊടുത്തിട്ടുള്ളത് ?

ഉത്തരം

(എ,ബി&സി) മാനവീയം സാംസ്ക്കാരിക മിഷന്റെ നടത്തിപ്പു സംബന്ധിച്ച് കേസ് നിലവിലുള്ളതായി ലോകായുക്തയിൽ നിന്നും അറിയിപ്പു ലഭിച്ചിട്ടില്ല എന്ന് മാനവീയം കൾച്ചറൽ മിഷൻ ഓഫീസിൽ നിന്ന് അറിയിച്ചിട്ടുണ്ട്.

സി - ഡിറ്റിലെ നിയമനം

91 (924) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly